**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 07.02.2018-ൽ |
| ചോദ്യം നമ്പർ - 2917 | മറുപടിയ്ക്ക് |

## തിരുവനന്തപുരം കാസർഗോഡ് തീരദേശ ഹൈവേ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. സി.മമ്മൂട്ടി | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള തീരദേശ ഹൈവേക്ക് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഹൈവേ ആകെ എത്ര കിലോമീറ്റർ ആണെന്നും മറ്റേതെങ്കിലും അയൽസംസ്ഥാനത്തിലെ തീരദേശ ഹൈവേയുമായി ബന്ധിപ്പിക്കുമോ എന്നും എങ്കിൽ ഏതെല്ലാം സംസ്ഥാനങ്ങളുമായി എന്നും വ്യക്തമാക്കുമോ; | (എ) ഉണ്ട്. നിർദ്ദിഷ്ട തീരദേശ പാതയുടെ നീളം 641.79 കി.മീ. ആണ്. പൂവാർ ജംഗ്ഷൻ മുതൽ പൊഴിയൂർ വരെ ഏകദേശം 6.5 കി.മീ നീളത്തിൽ അയൽ സംസ്ഥാനമായ തമിഴ് നാട്ടുമായി ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് നിലവിൽ ഉണ്ട്. കൂടാതെ കാസർഗോഡ് ജില്ലയിലെ തീരദേശ ഹൈവേയുടെ ഭാഗമായ കുഞ്ചത്തൂർ എന്ന ജംഗ്ഷൻ എൻ.എച്ച് 66-ൽ ആണ്. അപ്രകാരം എൻ.എച്ച് 66 വഴി തീരദേശ ഹൈവേയെ കർണാടകവുമായി ബന്ധിപ്പിക്കുന്നു. |
| (ബി) പ്രസ്തുത ഹൈവേയ്ക്ക് എത്ര വീതിയാണ് ഉദ്ദേശിക്കുന്നത്; ഇതിന് ഏറ്റക്കുറച്ചിലിന് സാധ്യത കാണുന്നുണ്ടോ; പ്രസ്തുത ഹൈവേ നിർമാണത്തിനുള്ള ഫണ്ട് എപ്രകാരം സ്വരൂപിക്കാനാണ് ഉദ്ദേശി ക്കുന്നത്; എന്ത് തുക ചെലവ് പ്രതീക്ഷിക്കുന്നു; എത്രകാലം കൊണ്ട് ഇതിന്റെ പണി ആരംഭിച്ച് പൂർത്തീ കരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) കുടിയൊഴിപ്പിക്കേണ്ടി വരുന്ന കുടുംബങ്ങളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിനു വേണ്ടി നാറ്റ്പാക്ക് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയപ്പോൾ സ്ഥലപരിമിതി യുള്ള പ്രദേശങ്ങളിൽ റൈറ്റ് ഓഫ് വേ 8 മീറ്റർ ആയി നിജപ്പെടുത്തിയിട്ടുണ്ട്. മറ്റുള്ള സ്ഥലങ്ങളിൽ നിർദ്ദിഷ്ട ഹൈവേയ്ക്ക് 12 മീറ്റർ റൈറ്റ് ഓഫ് വേയും 7 മീറ്റർ ക്യാരേജ് വേയുമാണ് നിർദ്ദേശിച്ചിരി ക്കുന്നത്. പ്രസ്തുത ഹൈവേ കിഫ്ബിയുടെ ധനസഹായത്തോടു |

കൂടി നിർമ്മിയ്ക്കുവാനാണ് ഉദ്ദേശിക്കു ന്നത്. നിർദ്ദിഷ്ട തീരദേശ ഹൈവേ 12 മീറ്റർ വീതിയിൽ നിർമ്മാണം നടത്തു മ്പോൾ 282 ഹെക്ടറോളം സ്ഥലം ഏറ്റെടുക്കേണ്ടതായും 7725 കോടി രൂപയോളം ചെലവുമാണ് പ്രതീക്ഷി ക്കുന്നത്. തീരദേശപാതയുടെ ആദ്യ ഘട്ടം 2019 സെപ്റ്റംബറിലും, രണ്ടാം ഘട്ടം 2020 ആഗസ്റ്റിലും, മൂന്നാം ഘട്ടം 2021 ജനുവരിയിലും പൂർത്തീകരിക്കാ നാണ് ഉദ്ദേശിക്കുന്നത്.

(സി) ഇതിന്റെ നിർമ്മാണച്ചുമതല ആർക്കാണ് നൽകാൻ ഉദ്ദേശിക്കുന്നത്; ഇതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന മാനദണ്ഡം എന്തൊക്കെയാണ്; ഇതിന്റെ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത ഹൈവേ യാഥാർത്ഥ്യമാകുമ്പോൾ നിലവിലുള്ള തീരദേശ റോഡുകളുമായി ബന്ധിപ്പി ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പൊതുമരാമത്ത് ദേശീയപാതാ വിഭാഗം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരളാ റോഡ് ഫണ്ട് ബോർഡ് മുഖാന്തിരം കിഫ്ബിയുടെ ധനസഹായത്തോടു കൂടി നിർമ്മിയ്ക്കുവാനാണ് ഉദ്ദേശിക്കു ന്നത്. നിർദ്ദിഷ്ട തീരദേശ ഹൈവേ വിവിധ റീച്ചുകളിലായി മൂന്ന് ഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രവൃത്തികൾക്ക് സാങ്കേതികാനുമതി കിഫ്ബിയിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ കെ.ആർ.എഫ്.ബി വഴി നടത്തുകയും അതിനു ശേഷം പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ മേൽ നോട്ടത്തിലായിരിക്കും നടത്തുന്നത്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. കൂടാതെ ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തി പൂർത്തീക രിക്കാൻ ഉദ്ദേശിക്കുന്ന 13 റോഡുക ളിൽ 12 റോഡുകളുടെ 238.5 കി.മീ നീളത്തിൽ പുനരുദ്ധരിക്കുന്നതിനാ യുള്ള വിശദമായ പദ്ധതി രൂപരേഖ

കേരള റോഡ് ഫണ്ട് ബോർഡിന്റെ പരിഗണനയിലാണ്. നിലവിലുള്ള തീരദേശ റോഡ് ശൃംഖലയെ സംയോജിപ്പിച്ചു കൊണ്ടായിരിക്കും ഈ സംസ്ഥാന പാത രൂപം കൊള്ളുക.

| | |
|---|---|
| (ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ ഉദ്ദേശം എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടതായി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അവരുടെ പുനരധിവാസം സംബന്ധിച്ച് വിശദവിവരം നൽകുമോ? | (ഡി) വിശദമായ പദ്ധതി രേഖ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ പുനഃരധിവാസവും, നഷ്ടപരിഹാര പദ്ധതിയും സംബന്ധിച്ച വിശദവിവരങ്ങൾ അറിയുവാൻ കഴിയുകയുള്ളൂ. എന്നാൽ കാര്യമായ ഒഴിപ്പിക്കൽ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ